# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1509

14.12.2012 ൽ മറുപടിക്ക്

## മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി

ചോദ്യം

ശ്രീ. പാലോട് രവി:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എ. റ്റി. ജോർജ്:

(എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) വിദേശത്തുനിന്ന് മടങ്ങി എത്തുന്ന പ്രവാസികളുടെ ജീവിതം സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

മറുപടി

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

(എ) യും (ബി) യും

കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നടപ്പിലാക്കിയിട്ടുള്ള മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പി. എഫ്. ആർ. ഡി. എ (PFRDA) ചട്ടങ്ങൾക്ക് അനുസൃതമായി എൻ. പി. എസ് ലൈറ്റ് (NPS - Lite) മുഖേന നടപ്പിലാക്കുന്ന വയോജന പെൻഷൻ സുരക്ഷ.

2. സെബി (SEBI) യുടെ ചട്ടങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന മ്യൂച്ചൽ ഫണ്ട് (UTI Monthly Income Scheme) മുഖേനയുള്ള ഹ്രസ്വകാല നിക്ഷേപ പദ്ധതിയായ റിട്ടേൺ ആന്റ് റീ സെറ്റിൽമെന്റ് (R & R) പദ്ധതി.

3) സ്വാഭാവികമായതോ, അപകടം മൂലം ഉണ്ടാകുന്നതോ ആയ മരണമോ

അല്ലെങ്കിൽ സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് ഐ. ആർ. ഡി. എ. (IRDA) കൈകാര്യം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷ.

| | |
|---|---|
| (സി) ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; | (സി) 18 നും 50 നും മദ്ധ്യേ പ്രായമുള്ളവരും ഇ.സി.ആർ (ECR) പാസ്പോർട്ട് കൈവശമുള്ളതും സാധുവായ വർക്ക് പെർമിറ്റ് ഉള്ളതോ ഏതെങ്കിലും ഒരു ഇ.സി.ആർ. രാജ്യത്ത് ജോലി കരാർ ഉള്ളതോ ആയ ഒരാൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. |
| (ഡി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി- യിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഔദ്യോഗിക ബാങ്കായ 'ദി ബാങ്ക് ഓഫ് ബറോഡ' പരിപോഷിപ്പിക്കുന്ന ഈ കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ